പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2001 08.03.2018 ലെ മറുപടിക്ക്

**കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേരളത്തിലെ കയർ പിരി മേഖലയെ സഹായിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് എന്നറിയിക്കുമോ; | എ) കയർ വ്യവസായത്തിന്റെ അസംസ്കൃത വസ്തുവായ തൊണ്ട് പരമാവധി തദ്ദേശീയമായി ശേഖരിക്കാനും ചകിരിയാക്കി മാറ്റാനും തീരുമാനിച്ചിട്ടുണ്ട്.കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ മൂന്നിലൊന്ന് അതായത് ഏകദേശം 200 കോടി തൊണ്ട് ശേഖരിക്കാനും അത് 1000 ചകിരി മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരിയാക്കിമാറ്റാനുമാണ് ഉദ്ദേശിക്കുന്നത്. ഈ മില്ലുകളിൽ പണിയെടുക്കുന്നതിന് 600 രൂപ കൂലി ഉറപ്പ് വരുത്തുന്ന വില നൽകി കയർഫെഡ് സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കും. കയർ പിരി മേഖലയിൽ 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കും. കൂടാതെ ഇലക്ട്രോണിക് റാട്ടുകളും നൽകും. ഇവർക്ക് 300 രൂപ കൂലി നൽകിക്കൊണ്ട് പിരിക്കുന്ന കയർ മുഴുവൻ കയർഫെഡ് സംഭരിക്കും. റിട്ടയർ ചെയ്ത കയർ സഹകരണ സംഘം ജീവനക്കാർക്ക് റിട്ടയർമെൻറ് ആനുകൂല്യവും പെൻഷനും ലഭ്യമാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എടുത്ത വായ്പ കുടിശ്ശികയായി പ്രതിസന്ധിയിലായിട്ടുള്ള കയർ സഹകരണ സംഘങ്ങൾക്ക് പുനഃസംഘടനയുടെ ഭാഗമായി ബാങ്കുകളുമായി ആലോചിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതാണ്. കയർ ഉൽപ്പന്ന മേഖലയിലെ മാനുഫാക്ചറിംഗ് സഹകരണ സംഘങ്ങൾ ആധുനിക ഫാക്ടറികളായി രൂപാന്തരപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്. |
| ബി) കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>1) <u>കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം.</u><br>കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും |

കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് ആധുനികവത്ക്കരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതിയ്ക്ക് 2017-18 സാമ്പത്തിക വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 6.92 കോടി രൂപ 274 സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു.

2) <u>കയർ ഭൂവസ്ത്ര വികസന പരിപാടി</u>

ഹരിത കേരളം പരിപാടിയുടെ ഭാഗമായി, കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജല സംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടേയും കുളങ്ങളുടേയും ഭിത്തി സംരക്ഷണം എന്നിവ നടപ്പിലാക്കുന്നതിനും, കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുമായി ആലപ്പുഴയിൽ നടന്ന കയർ കേരള 2017 ൽ വച്ച് 120 കോടി രൂപയുടെ ധാരണാപത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാൻറ് കൂടാനും കയർ പിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

3) <u>മാനേജീരിയൽ സബ്സിഡി</u>

കയർ പിരി സംഘങ്ങളിലേയും, കയർ മാറ്റിംഗ്സ് സംഘങ്ങളിലേയും സെക്രട്ടറി, മാനേജ്മെൻറ് തസ്തികകളിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിതകാലയളവിലേക്ക് സർക്കാർ മുഖാന്തിരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് 3 കോടി രൂപ അനുവദിക്കുകയും 10 പ്രോജക്ടുകളിലായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിലെ മാനേജീരിയൽ സബ്സിഡി നൽകുന്നതിനായി 2,07,15,000/- രൂപ ചെലവഴിക്കുകയുമുണ്ടായി.

4) <u>എൻ.സി.ഡി.സി പദ്ധതി</u>

കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം ലക്ഷ്യം

| | |
|---|---|
| | വെച്ച് കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിയ്ക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെൻറ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും, കയർകോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ / ഉല്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എം.ഡി.എ പദ്ധതി പ്രകാരം 880 ലക്ഷം രൂപയും പി.എം.ഐ പദ്ധതി പ്രകാരം 550 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള ഒരു ഡി. എഫ്. മെഷീൻ സ്ഥാപിക്കുകയും തദ്ദേശീയമായി ശേഖരിച്ച തൊണ്ടുൾപ്പടെ ചകിരിയാക്കി മാറ്റുകയും ചെയ്യുന്നു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്.മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000 ഓളം ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർ പിരി മേഖല പൂർണ്ണമായി യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>ഇത് കൂടാതെ നടപ്പാക്കുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>4. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>5. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>6. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| സി) വായ്പാകടിശ്ശിക വന്നത് മൂലം പ്രതിസന്ധിയിലായ കയർ സഹകരണ സംഘങ്ങളെ കരകയറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | സി)വായ്പ കുടിശ്ശികയായി പ്രതി സന്ധിയിലായിട്ടുള്ള കയർ സഹകരണ സംഘങ്ങൾക്ക് പുനഃസംഘടനയുടെ ഭാഗമായി ബാങ്കുകളുമായി ആലോചിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ